## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6628

21.11.2019 ൽ മറുപടിക്ക്

### മത്സ്യ അനുബന്ധ തൊഴിലാളികൾക്ക് ധനസഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
| (എ) | പി.എം.ജെ.ജെ.ബി.വൈ/പി.എം. എസ്.ബി.വൈ പദ്ധതി പ്രകാരം മൽസ്യതൊഴിലാളികൾക്ക് നിലവിലുള്ള അപകടം മൂലം ഉണ്ടാകുന്ന സ്ഥിരവും ഭാഗികവുമായ അവശത, സ്ഥിരവും പൂർണ്ണവുമായ അവശത, മരണം എന്നിവയ്ക്ക് നൽകുന്ന ധനസഹായം മത്സ്യ അനുബന്ധ തൊഴിലാളികൾക്ക് കൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | പി.എം.ജെ.ജെ.ബി.വൈ/പി.എം.എസ്. ബി.വൈ പദ്ധതി പ്രകാരം മത്സ്യ അനുബന്ധത്തൊഴിലാളികൾ ക്കും അപകടം മൂലം ഉ ണ്ടാകുന്ന സ്ഥിരവും ഭാഗികവുമായ അവശത, മരണം എന്നിവയ്ക്ക് 01.06.2019 മുതൽ ധനസഹായം നൽ കി വരുന്നുണ്ട്. |
| (ബി) | മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന 9,10,11,12 ക്ലാസുകളിൽ പഠിക്കുന്ന മത്സ്യ അനുബന്ധ തൊഴിലാളികളുടെ മക്കൾക്ക് പ്രതിവർഷം രണ്ട് പേർക്കെങ്കിലും സ്കോളർഷിപ്പ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ബി) | മുൻകാലങ്ങളിൽ ക്ഷേമനിധി ബോർഡ് എൽ.ഐ.സിയുമായി ചേർന്ന് നടപ്പിലാക്കി വന്നിരുന്ന AABY പദ്ധതിയിൽ മത്സ്യത്തൊഴിലാളികളുടെ 9,10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന പരമാവധി 2 കുട്ടികൾക്ക് 1200 രൂപ സ്കോളർഷിപ്പ് അനുവദിച്ചിരുന്നു. എന്നാൽ ടി പദ്ധതി പി.എം.ജെ.ജെ. ബി.വൈ, പി.എം.എസ്.ബി.വൈ എന്നീ പദ്ധതികളുമായി സംയോജിപ്പിച്ച് സംയോജിത പി.എം.ജെ.ജെ.ബി.വൈ എന്ന പദ്ധതി 1/3/2018 ൽ നടപ്പിലാക്കിയതിനുശേഷം സ്കോളർഷിപ്പ് അപേക്ഷകൾ നോഡൽ ഏജൻസിയായ എൽ.ഐ.സിയ്ക്ക് നൽകിയെങ്കിലും ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് ഫണ്ട് |

| | | | |
|---|---|---|---|
| | | | അനുവദിയ്ക്കുന്നത് സംബന്ധിച്ച് അറിയിപ്പൊന്നും നൽകിയിട്ടില്ലെന്ന് എൽ.ഐ.സി അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ ടി പദ്ധതിയിൽ സ്കോളർഷിപ്പ് നൽ കുന്നില്ല. എന്നാൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും മത്സ്യത്തൊഴിലാളികളുടെയും / അനുബന്ധതൊഴിലാളികളുടെയും മക്കൾക്ക് നിലവിൽ താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു ണ്ട്.<br><br>**1)എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്**<br>10 എ+ ലഭിക്കുന്നവർക്ക് - 5,000.00<br>9 എ+ ലഭിക്കുന്നവർക്ക് - 4,000.00<br>8 എ+ ലഭിക്കുന്നവർക്ക് - 3,000.00<br>**2) റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക്**<br>- 3,000.00<br>**3) ഉന്നത വിദ്യാഭ്യാസ പ്രോൽസാഹനം**<br><br>+2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർ ക്ക് - 5,000.00<br>വൊക്കേഷണൽ ഹയർസെക്കണ്ടറി പരീ ക്ഷ യിൽ എല്ലാ വിഷയത്തിലും എ+ നേടുന്നവർ ക്ക് - 5,000.00<br><br>4) മരണപ്പെടുന്ന അനുബന്ധ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനച്ചെലവിനായി ഗ്രൂപ്പ് ആക്സിഡന്റൽ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഒറ്റത്തവണ ധനസഹായമായി പരമാവധി രണ്ട് പേർക്ക് 10,000/- രൂപ നൽകുന്നു. |

**സെക്ഷൻ ഓഫീസർ**